വിജിലൻസ് കോടതികളിൽ വിചാരണകാത്തുകിടക്കുന്ന കേസ്സുകൾ

226 (6376) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് കോടതികളിൽ എത്ര കേസ്സുകളാണ് വിചാരണ കാത്തു കിടക്കുന്നത് ;

(ബി) വിചാരണ പൂർത്തിയായി വിധി പറയുവാൻ ബാക്കിയുള്ളവ എത്ര ;

(സി) ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥൻമാരുടെ പേരിൽ എത്ര കേസ്സുകളാണ് വിചാരണയിൽ ഉള്ളത് ;

(ഡി) വിചാരണയിൽ ഉള്ള കേസ്സുകൾ വേഗത്തിൽ പൂർത്തിയാക്കി തീർപ്പുകല്പിക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1182 കേസുകൾ വിചാരണ നേരിടുന്നു.

(ബി) വിചാരണ പൂർത്തിയായി വിധി പറയുവാൻ ബാക്കിയുള്ള വിജിലൻസ് കേസുകൾ വിജിലൻസ് കോടതികളിൽ ഒന്നും തന്നെ നിലവിലില്ല.

(സി) ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള ഒരു വിജിലൻസ് കേസ് മാത്രമാണ് നിലവിൽ വിചാരണയിലുള്ളത്.

(ഡി) വിചാരണയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നിയമാനുസൃതവും കാലോചിതവുമായ എല്ലാ നടപടികളും സർക്കാർ കൈക്കൊള്ളാറുണ്ട്.

(ഇ) വിജിലൻസ് കോടതികളിൽ ഓരോവർഷവും തീർപ്പാക്കുന്ന കേസുകളുടെ എണ്ണം വളരെ പരിമിതമാണെന്ന വസ്തുത കണക്കിലെടുത്ത് 2 വിജിലൻസ് കോടതികൾ കൂടി അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനാൽ രണ്ട് വിജിലൻസ് കോടതികൾ കൂടി അനുവദിക്കണമെന്നുള്ള ശിപാർശയും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

തടവുകാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥർ

227 (6377) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ തടവുകാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥരെ കണ്ടെത്തുവാൻ ജയിൽ ഡി.ജി.പി. നിർദ്ദേശം നൽകിയിട്ടുണ്ടോ ; പ്രസ്തുത നടപടി വകുപ്പുമന്ത്രി അറിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly